# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3431 — 29-01-2014-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ ഗ്രേഡ് III ഓവർസീയർമാരുടെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | **ഡോ. എം.കെ. മുനീർ,** പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| എ) | കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഗ്രേഡ് III ഓവർസിയർമാരുടെ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ റാങ്ക് ലിസ്റ്റ് എന്നാണു നിലവിൽ വന്നിട്ടുള്ളതെന്നും ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയാമോ; | ബി) | 05-03-2011-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്. |
| സി) | ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയാമോ; | സി) | 31-03-2014-ൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും |
| ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് പി.എസ്.സി. നിലവിലുള്ള തടസ്സങ്ങൾ നീക്കി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | ഡി) | പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് പി.എസ്.സി.യുടെ അനുമതിപ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കാസർഗോഡ് നിന്നുള്ള ഉദ്യോഗാർത്ഥികൾ WP (C) No.21420/2011 പ്രകാരം ഫയൽ ചെയ്ത കേസിൽ തദ്ദേശ സ്വയം ഭരണ വകുപ്പിൽ സംസ്ഥാന തല നിയമനം ആയതിനാൽ ജില്ലതിരിച്ചുള്ള നിയമനം നടത്തേണ്ടതില്ലെന്ന് ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. |

(.......2)

| | | | |
|---|---|---|---|
| ഇ) | റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായ ഘട്ടത്തിൽ ഒരാളെ പ്പോലും നിയമിക്കാനാകാതെ കാലതാമസം വരുത്തുന്നതിനുള്ള കാരണമെന്താണെന്നു വിശദമാ ക്കുമോ? | ഇ) | ഈ ലിസ്റ്റിൽനിന്നും ഒരാളെ നിയമിച്ചി ട്ടുണ്ട്. ജില്ല തിരിച്ചുള്ള നിയമനം നടത്തുന്നതിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും സംസ്ഥാനതല നിയമനം അനുശാസിക്കുന്ന തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിയമനം നൽകുന്നതിന് പി.എസ്.സിയുടെ അനുമതി ആവശ്യമായിരുന്നതിനാലും ഇക്കാര്യത്തിൽ ബഹു: കോടതി കേസ് ഉണ്ടായിരുന്നതിനാലുമാണ് കാല താമസം ഉണ്ടായത്. |

സെക്ഷൻ ഓഫീസർ